**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5893** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതുസർവീസിന്റെ ഭാഗമായി നിലവിൽ വന്ന റൂൾ ഭേദഗതിക്ക് ശേഷം വകുപ്പിലെ സ്ഥലം മാറ്റങ്ങൾക്ക് ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; 2023 ഏപ്രിൽ 1 മുതൽ ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി നടപ്പാകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പിലെ സ്ഥലം മാറ്റങ്ങൾക്ക് ഇന്റർ ട്രാൻസ്ഫറബിൾ പോളിസി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>2023 ഏപ്രിൽ 1 മുതൽ ഇന്റർ ട്രാൻസ്ഫറബിൾ പോളിസി നടപ്പാകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരത്തിൽ സമാന തസ്തിക / ശമ്പള സ്കെയിലിലുള്ള ജീവനക്കാരെ അഞ്ച് വകുപ്പുകളിൽ പരസ്പരം മാറ്റി നിയമിക്കുന്ന സാഹചര്യമുണ്ടായാൽ അത് ജീവനക്കാർക്ക് ഗുണകരമാകുമോ; വ്യക്തമാക്കാമോ; | (ബി) | സമാന തസ്തിക / ശമ്പള സ്കെയിലിലുള്ള ജീവനക്കാരെ അഞ്ച് വകുപ്പുകളിൽ പരസ്പരം മാറ്റി നിയമിക്കുന്ന സാഹചര്യമുണ്ടായാൽ അത് ജീവനക്കാർക്ക് കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി ഫലപ്രദമായി നടപ്പിലാക്കുന്നതിന് വകുപ്പിലെ മുഴുവൻ ജീവനകാർക്കും സ്പാർക്ക്, ജി.പി.എഫ് എന്നീ സർവീസ് ടൂളുകൾ ഏകീകരിച്ച് നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലുള്ള ഇആർഎ3/84/22 എന്ന ഫയലിൽ അടിയന്തരമായി തീർപ്പ് കല്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ